			സ. ശ്ര.	ച.	കാ.
ഛ.	സെയിൻറ് ബർക്കുമാൻസ് കോളേജ്, ചങ്ങനാശ്ശേരി	ഹോസ്റ്റൽ ഗ്രാൻറ്)	ഫ,ഫ വ്യ൯	0	0
ന.	സ്കൂട്ട് ക്രസ്ത്യൻ കോളേജ്, നാഗർകോവിൽ	ടി	൫ ഫ 0	0	0
ൾ.	സനാതനധർമ്മ കോളേജ്, ആലപ്പുഴ		ഫ,ഫ 0 0	0	0
ൽ.	യൂണിയൻ ക്രസ്ത്യൻ കോളേജ്, ആലുവാ		ഫ,0 ന ന	0	0
ന്യ.	സനാതനധർമ്മ കോളേജ്, ആലപ്പുഴ	(എക്വിപ്പ്മെൻറ് ഗ്രാൻറ്)	ഫ,ന വ്യ വ	0	0

ഫഫഛ-ലെ ഗ്രാൻറ് ഈ അദ്ധ്യയനവർഷം അവസാനത്തിലേ നല്കുകയുള്ളൂ.

(ജി) ഉണ്ട്. യൂണിവേഴ്സിറ്റിയുടെ കണക്കുകൾ അനസ്യൂതമായി പരിശോധിച്ചുകൊണ്ടിരിക്കുന്നു. "എക്സാമിനർ ആഫ് ലോക്കൽ ഫണ്ട് അക്കൌണ്ട്സ്" എന്ന ഉദ്യോഗസ്ഥനാണ് പരിശോധിക്കുന്നത്. ഫഫഛ൭-ലെ ആഡിറ്റ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ആനക്കയത്തിൽനിന്നും വിംകോ കമ്പനിക്കാർക്ക് കൊടുത്ത മരം

ഛഫ വ്യ. (൭൪) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചീരാജ്യത്തു് ആനക്കയത്തിൽനിന്നും ഫഫഛ൭-ൽ എലവുമരം ടൺ ഒന്നിന് എത്രരൂപയായിട്ടാണ് വിംകോ കമ്പനിക്കാർക്ക് കൊടുത്തതു്;

(ബി) ആനക്കയത്തിൽനിന്നും എലവുമരം ശേഖരിച്ചു ടാറാക്കമ്പനിക്ക് ചാലക്കുടിയിൽ സപ്ലൈചെയ്യുന്നതിനു ഗവൺമെണ്ടിനു ടൺ ഒന്നിന് എന്തു ചിലവായിട്ടുണ്ടു്;

(സി) ഇതൊന്നിച്ചു കൊടുക്കുവാൻ ഗവൺമെണ്ടിനു് എന്തു ചിലവു വന്നിട്ടുണ്ടു്;

(ഡി) ഈ ചിലവുകഴിച്ചു ഗവൺമെണ്ടിനു ടൺ ഒന്നിന് എന്തു വിലവന്നിട്ടുണ്ടു്;

(ഇ) ഈ വിംകോ കമ്പനിക്കാർ വേണ്ടെന്നുപറഞ്ഞു തള്ളിവിട്ട മരം ടൺ ഒന്നിന് എന്തുവിലയായിട്ടാണ് ഫഫഛ ൫ ജൂലായിൽ സ്വരൂപിച്ചു ലേലം വിളിച്ചതു്;

(എഫ്) ലേലത്തിൽ ടൺ ഒന്നിന് എന്തു വിലയാണ് കിട്ടിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) to (എഫ്) ഈ ചോദ്യംതന്നെ കഴിഞ്ഞ ഡിസംബർ മീറ്റിംഗിൽ വന്നതാണ്. ഫ൯൪൯ ഡിസംബർ ഫ൦-ാംനു-യിലെ ഫ൦൭-ാംനമ്പർ ചോദ്യവും അതിനു നൽകിയ ഉത്തരവും നോക്കുക.

ഒരു പ്രൈമറി സ്കൂളിനുള്ള നിവേദനം

ഛഫ൯. (൭൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) കന്നുത്തുനാട്ടു താലൂക്കു് ചേരാനല്ലൂർ പ്രകൃതിയിൽ ആലാട്ടുചിറയ്ക്കു സമീപം ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു കൊടുക്കണമെന്നു് കാണിച്ചു തദ്ദേശവാസികളുടെ എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി നടത്തി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) ഈ സംഗതി ആലോചനയിൽ ഇരിക്കുന്നു.

230. [50] Sri. Eapan Arakal: Will the Hon'ble Minister for Labour be pleased to state.—

(*a*) will the Government be pleased to state when the order came allowing the compensation of Rs. 3,500 for the widow of one Quintin George of Puthenpurackal, Perunnermangalam muri, Maraikulam north pakuthi, Shertallai taluk who died in Assam in 1120 Dhanu;

(*b*) has the report been submitted by the Taluk authorities, Shertalai, to the Accountant Office; if so, when;

(*c*) will the Government be pleased to see that no delay is incurred in the matter?

LIBRARY ARCHIVES Kerala Legislative Assembly

Sri. Panampilli Govinda Menon :

(*a*) The pay authorisation issued by the Controller of Emigrant Labour, Shillong was received on 4th June 1949.

(*b*) A report regarding the dependants of the deceased was received in the Office of the Accountant General from the Tahsildar, Shertallai on 10th February 1950.

(*c*) Immediate arrangements have been made for the payment.

Questions posted for answer on 11th March 1950

231. [1] **Sri. D. Ganasigamony :** Will the Hon'ble Minister for Industries, Excise and Local Self Government be pleased to state.—

(*a*) the total number of applications received for licence to use liquor; and

(*b*) the number of licences thus granted ?

Sri. N. Kunjuraman :

(*a*) 66.

(*b*) 61.

സഹകരണ പ്രചരണം

൨൩൨. (൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) സഹകരണപ്രസ്ഥാനത്തിന്റെ പ്രചരണത്തിനായി ൧൯൪൯, ൧൯൫൰, ൧൯൫൧ എന്നീ വർഷങ്ങളിൽ എത്ര രൂപ ചെലവു ചെയ്തു ;

(ബി) ആ തുകകൾ ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ എവിടെയെല്ലാം നടത്തി ;

(സി) ഇതിൽ പ്രധാന പ്രവർത്തകർ ആരെല്ലാമായിരുന്നു ; അവർ ഓരോരുത്തരും പറഞ്ഞ തുക എന്ത് ;

(ഡി) ഈ പ്രചരണത്തിന്റെ പേരിൽ പണം പറഞ്ഞവരിൽ ഏറ്റവും കൂടുതൽ തുക പറഞ്ഞ ആളുടെപേരും തുകയും സദയം പ്രസ്താവിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) പ്രചരണത്തിനു പ്രത്യേകമായി ഇൻസ്റ്റിറ്റ്യൂട്ടിനു ൧൯൪൯, ൧൯൫൰, ൧൯൫൧ ഈ വർഷങ്ങളിൽ യാതൊരു തുകയും ഗവൺമെന്റു ബഡ്ജറ്റിൽ ചെലവു് അനുവദിച്ചിട്ടില്ല.

(ബി) എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റുവരവുകളിൽനിന്നും വിദ്യാഭ്യാസം, പ്രചരണം, മാസിക, വാരികപ്രവർത്തനങ്ങൾ, പരിശോധന മുതലായവ നടത്തിയിട്ടുണ്ടു്. നടത്തിയ പ്രചരണയോഗങ്ങളെയാണു് ഈ ചോദ്യം സ്പർശിക്കുന്നതെങ്കിൽ ൧൯൫൰-ൽ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, കൊട്ടാരക്കര, കൊല്ലം, കോട്ടയം, ചങ്ങനാശേരി, പീരുമേടു് ഈ താലൂക്കുകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശമനുസരിച്ചു് പ്രചരണയോഗങ്ങൾ നടത്തിയിട്ടുണ്ടു്.

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡംഗങ്ങളും ഓരോ താലൂക്കിൽ പ്രവർത്തിക്കുന്ന ഐക്യസംഘഭാരവാഹികളും യോഗങ്ങൾ നടക്കുന്ന സ്ഥലത്തെ പ്രധാന സഹകരണപ്രവർത്തകരുംകൂടി ചേർന്നാണു് യോഗങ്ങൾ നടത്തിയിട്ടുള്ളതു്. ഇതിനുവേണ്ടി ആർക്കും ഒരു തുകയും പ്രതിഫലമായി കൊടുത്തിട്ടില്ല. എന്നാൽ വാഹനകൂലി, ഉച്ചഭാഷണിക്കു കൊടുത്ത ചാർജ്ജു്, നോട്ടീസു്, ലഘുലേഖ അച്ചടികൂലി മുതലായവയ്ക്കായി മൊത്തം ൧,൧൯൧ രൂ. ൧൫ ചക്രം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ചെലവായിട്ടുണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എ. ഡി. കോട്ടൺ മിൽ

൨൩൩. (൨൧) സാഹിബ് ബഹദൂർ എം. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടെക്സ്റ്റയിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം എ. ഡി. കോട്ടൺ മില്ലിനെ സംബന്ധിച്ചു അന്വേഷണങ്ങൾ നടത്തുവാൻ ഒരു വിദഗ്ധകമ്മിറ്റിയെ ഗവൺമെന്റു നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം ആണു് ;

(സി) ടി കമ്മിറ്റി റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിലെ ഉള്ളടക്കം എന്താണെന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly